നം:ICDS.A7- 3612/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി:07.04.2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സിഡിപിഒ മാർക്കും

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐസിഡിഎസ്- 2016-17 സാമ്പത്തിക വർഷം അങ്കണവാടി കെട്ടിട നിർമ്മാണം - സംബന്ധിച്ച്.

സൂചന :- 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം

2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികളിലുൾപ്പെടുത്തി 1228 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1000 അങ്കണവാടികൾ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തിയും ശേഷിക്കുന്നവ plan fund- ൽ ഉൾപ്പെടുത്തിയുമാണ് നിർമ്മിക്കുന്നത്. MGNREGS പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണചെലവിൽ 5 ലക്ഷം രൂപ MGNREGS, 2 ലക്ഷം കേന്ദ്രവിഹിതവും ( 60 : 40 ) ഇതിൽ അധികരിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ വകുപ്പും വഹിക്കാൻ വ്യവസ്ഥ ചെയ്യുന്നു. 228 കെട്ടിടങ്ങൾ 14.5 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നവയാണ്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ ചെലവിൽ 40 % ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനം വഹിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഇത്രയും അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, നടപ്പ് സാമ്പത്തിക വർഷം കൂടുതൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്ഥലത്തിന്റെ ലഭ്യത അറിയേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

a) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികളുടെ എണ്ണം സംബന്ധിച്ച വിവരം നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കണം. (ഫോർമാറ്റ് ഉള്ളടക്കം ചെയ്യുന്നു)ജില്ലയിലെ വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട PO മാർ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

b) കെട്ടിടനിർമ്മാണത്തിന്റെ 40 % തുക LSGD വഹിയ്ക്കാമെന്നുള്ള കമ്മിറ്റി തീരുമാനം.

TSS/April 10, 2017

PDF processed with CutePDF evaluation edition www.CutePDF.com

c) കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട CDPO മാർ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കണം.

d) MGNREGS പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

e) മറ്റ് പദ്ധതികളിലുൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കി പ്രൊപ്പോസൽ സമർപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

മേൽ നിർദ്ദേശങ്ങൾ പാലിച്ച് പ്രൊപ്പോസലുകൾ സ്ഥലലഭ്യത സംബന്ധിച്ച വിവരങ്ങൾ എന്നിവ 20.04.2017 ന് മുൻപ് സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

TSS/April 10, 2017

# പ്രൊഫോർമ

ജില്ല :

| പ്രോജക്ട് | പഞ്ചായത്ത് | അങ്കണ വാടികളുടെ എണ്ണം | സ്വന്തമായി കെട്ടിടം ഉള്ളത് | സ്വന്തമായി കെട്ടിടമില്ലാത്തത് | കെട്ടിടനിർമ്മാണാനുമതി ലഭ്യമായവയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായവ | ഒരു സ്കീമിലും കെട്ടിടനിർമ്മാണം ആരംഭിക്കാത്തതും സ്വന്തമായി സ്ഥലം ലഭ്യമായതും | സ്ഥലം കണ്ടെത്തി ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്തവ |
|---|---|---|---|---|---|---|---|
| | | | | | | | |

പ്രോഗ്രാം ഓഫീസർ

11

TSS/April 10, 2017